പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 613 6.2.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

2012-13 സാമ്പത്തിക വർഷത്തെ അധിക വിഭവ സമാഹരണം

| ചോദ്യം<br>പ്രൊഫ. സി. രവീന്ദ്രനാഥ് | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2012-2013 സാമ്പത്തിക വർഷം അധിക വിഭവ സമാഹരണത്തിനായി ജനങ്ങളിൽ നിന്നും ഈടാക്കിയ നികുതി എത്ര കോടിയുടേതായിരുന്നു; വ്യക്തമാക്കുമോ ; | (എ) | രജിസ്ട്രേഷൻ വകുപ്പിൽ അണ്ടർ വാല്യുവേഷൻ കേസ്സുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ നിന്നും 2013 ജനുവരി 31-വരെ 8,92,33,956/- രൂപ ജനങ്ങളിൽ നിന്നും സമാഹരിച്ചിട്ടുണ്ട്.<br><br>2012-13 സാമ്പത്തിക വർഷം അധിക വിഭവ സമാഹരണത്തിലൂടെ (ഫീസ് വർദ്ധന ഉൾപ്പെടെ) നികുതി/ നികുതിയേതര ഇനത്തിൽ ജനങ്ങളിൽ നിന്നും സമാഹരിക്കുവാൻ എക്സൈസ് വകുപ്പ് ലക്ഷ്യമിട്ടിരുന്നില്ല. എന്നാൽ 2012-13 സാമ്പത്തിക വർഷത്തിൽ എക്സൈസ് വകുപ്പ് വഴി 2540.35 കോടി നികുതി/നികുതിയേതര ഇനത്തിൽ സമാഹരിക്കുവാൻ സർക്കാർ ബഡ്ജറ്റ് എസ്റ്റിമേറ്റിലൂടെ ലക്ഷ്യമിട്ടിരുന്നുവെങ്കിലും പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിലൂടെ ഈ തുക 2376.40 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിരുന്നു. ആയതുപ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ നികുതി/നികുതിയേതര ഇനങ്ങളിലായി 2249.75 കോടി രൂപ എക്സൈസ് വകുപ്പ് സമാഹരിച്ചിട്ടുണ്ട്.<br><br>മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ കാറുകളടക്കം പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾക്കും നികുതി നിരക്ക് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഏകദേശം നൂറ്റി എഴുപത് കോടിയിൽപരം രൂപ അധിക വരുമാനമായി 31.12.2012 വരെ ലഭിച്ചിട്ടുണ്ട്.<br><br>31.1.2013-ലെ വാണിജ്യ നികുതി വകുപ്പിലെ കണക്കനുസരിച്ച് അധിക വിഭവ |

| | | | |
|---|---|---|---|
| | | | സമാഹരണത്തിനായി ജനങ്ങളിൽ നിന്നും 970.24 കോടി രൂപ ഈടാക്കിയിട്ടുണ്ട്. |
| (ബി) | 2013 ആരംഭത്തിൽ ലക്ഷ്യമിട്ടതിൽ എന്ത് തുക അധിക വിഭവമായി ലഭിച്ചു ; നടപ്പു സാമ്പത്തിക വർഷാവസാനം അത് എത്രയായിരിക്കുമെന്ന് കരുതുന്നു. വിശദമാക്കുമോ ? | (ബി) | രജിസ്ട്രേഷൻ വകുപ്പിൽ 2013 ജനുവരി 31-വരെ 8,92,33,956/- രൂപ സമാഹരിച്ചിട്ടുണ്ട്. 2012-2013 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയും ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴേക്കും ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>എക്സൈസ് വകുപ്പിൽ 2013 ജനുവരി 31 വരെ നികുതി-നികുതിയേതര വരുമാനങ്ങളിലായി ആകെ 1513.35 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷാരംഭത്തിൽ (2012-13) നികുതി-നികുതിയേതര വരുമാനങ്ങളിലായി ആകെ 2540.35 കോടി രൂപ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. നടപ്പ സാമ്പത്തിക വർഷാവസാനം നികുതി-നികുതിയേതര വരുമാനങ്ങളിലായി സമാഹരിക്കുവാൻ ലക്ഷ്യമിട്ട തുകയിൽ 2231.67 കോടി രൂപ സമാഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ട്രാൻസ്പോർട്ട് വകുപ്പിൽ 31.12.2012 വരെ 170 കോടിയോളം രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുണ്ട്. 2012-13 കാലഘട്ടത്തിൽ സ്വാഭാവിക വർദ്ധനവ് 10 ശതമാനം എന്ന കണക്കിൽ 105 കോടി രൂപ സ്വാഭാവിക വർദ്ധനവുണ്ടാകണം എന്നതിനാൽ വർഷാവസാനം അത് ഏകദേശം 240 കോടി ആയിരിക്കുമെന്ന് കരുതുന്നു.<br><br>വാണിജ്യ നികുതി വകുപ്പിൽ നടപ്പ സാമ്പത്തിക വർഷം 31.1.2013 വരെ 970.24 കോടി രൂപ പിരിച്ചിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷാവസാനം അത് 1066 കോടി രൂപ ആയിരിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ